16

MT

008044

കേരള സർക്കാർ

**സംഗ്രഹം**

സഹകരണ വകുപ്പ് - സഹകരണ ആശുപത്രി സംഘങ്ങൾക്ക് അത്യാധുനിക ചികിത്സാ ഉപകരണങ്ങൾ വാങ്ങുന്നതിനായി നിലവിൽ നൽകിക്കൊണ്ടിരിക്കുന്ന സാമ്പത്തിക സഹായ വ്യവസ്ഥകളിൽ ഭേദഗതി വരുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (പാർലമെന്റ്) വകുപ്പ്**

സ.ഉ.(സാധാ) നം. 44/16/സഹ. തീയതി, തിരുവനന്തപുരം, 20.01.2016

---

പരാമർശം :- (1) സ.ഉ (സാധാ) നം. 808/2010/സഹ തീയതി 29.12.2010

(2) സ.ഉ (സാധാ) നം. 159/14/സഹ തീയതി 26.02.2014

(3) സഹകരണ സംഘം രജിസ്ട്രാറുടെ 13.03.2014 ലെ എം.റ്റി (1) 2129/13 നമ്പർ കത്ത്

15 FEB 2016

**ഉത്തരവ്**

പരാമർശം (1) ലെ ഉത്തരവ് പ്രകാരം 'അസിസ്റ്റൻസ് ടു മിസ്സല്ലേനിയസ് കോ-ഓപ്പറേറ്റീവ്' എന്ന പദ്ധതിയിൻ കീഴിൽ ആശുപത്രി സഹകരണ സംഘങ്ങൾക്ക് അത്യാധുനിക ചികിത്സാ ഉപകരണങ്ങൾ വാങ്ങുന്നതിനായി വായ്പാ സബ്സിഡി, ഷെയർ എന്നീ രീതികളിൽ ധനസഹായം നൽകുന്നത് സംബന്ധിച്ച് സർക്കാർ ചട്ടങ്ങൾ/ വ്യവസ്ഥകൾ ഉണ്ടാക്കിയിരുന്നു. ടി ഉത്തരവിലെ ക്ലോസ് I സഹകരണ സംഘം രജിസ്ട്രാറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം ഭേദഗതി ചെയ്തിരുന്നു. പ്രസ്തുത ഉത്തരവിലെ ക്ലോസ് II ൽ ഭേദഗതി ചെയ്യണമെന്നാണ് പരാമർശം (3) പ്രകാരം രജിസ്ട്രാർ സർക്കാറിനോട് അപേക്ഷിച്ചിരുന്നത്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിൻ പ്രകാരം സ.ഉ(സാധാ) നം. 808/2010/സഹ തീയതി 29.12.2010 -ലെ രണ്ടാമത് ക്ലോസ് താഴെ നൽകുന്ന പ്രകാരം ഭേദഗതി വരുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ക്ലോസ് 2 -ലെ വ്യവസ്ഥ/ ചട്ടം**

| നിലവിലുള്ളത് | ഭേദഗതി വരുത്തിയത് |
|---|---|
| യോഗ്യത : ഈ പദ്ധതി പ്രകാരമുള്ള ധന സഹായങ്ങൾക്ക് ഒരു പ്രാവിശ്യം മാത്രമേ അർഹതയുണ്ടാകുകയുള്ളൂ.<br>സഹായധനത്തിന്റെ ഘടന :<br>വായ്പ - ചെലവിന്റെ 40%<br>സബ്സിഡി - ചെലവിന്റെ 20 %<br>ഷെയർ - ചെലവിന്റെ 20%<br>ബാക്കി 20% ചെലവ് അതാതു സംഘങ്ങൾ വഹിക്കേണ്ടതാണ്. | യോഗ്യത : ഈ പദ്ധതി പ്രകാരമുള്ള ധന സഹായങ്ങൾക്ക് ഒരു പ്രാവിശ്യം മാത്രമേ അർഹതയുണ്ടാകുകയുള്ളൂ.<br>സഹായധനത്തിന്റെ ഘടന :<br>വായ്പ - ചെലവിന്റെ 40%<br>സബ്സിഡി - ചെലവിന്റെ 15 %<br>ഷെയർ - ചെലവിന്റെ 15%<br>ബാക്കി 30% ചെലവ് അതാതു സംഘങ്ങൾ വഹിക്കേണ്ടതാണ്. |

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**പി. വേണുഗോപാൽ, ഐ. എ. എസ്**

ഗവൺമെന്റ് സ്പെഷ്യൽ സെക്രട്ടറി

1. സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം
2. ഐ & പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)
3. കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ